# മഴയുടെ നാനാർത്ഥം

## സച്ചിദാനന്ദൻ

പുഴയിൽ വീണൊഴുകുന്ന മഴ
മാന്തോപ്പിലോടിക്കളിക്കുന്ന എന്റെ കൊച്ചുമകളാണ്.
പളുങ്കുകാലുകളുമായി അവൾ തുള്ളിച്ചാടുന്നു.
കൂട്ടം പിരിഞ്ഞ ഒരൊറ്റമുന്തിരിപോലെ ഉരുണ്ടുപോകുന്നു.
ശൈശവം പോലെ തേങ്ങിമറയുന്നു.

മേൽക്കൂരയിലെ മഴ,
മൂളിപ്പറന്നുവന്ന് കൂടുതൂക്കുന്ന കടന്നൽക്കൂട്ടമാണ്.
പിന്നെ അവ കുത്തേറ്റു പിടയുന്ന മുറ്റത്തുവീണു മുരളുന്നു.
പാറപ്പുറത്തെ മഴ പ്രവാചകന്റെ ശബ്ദമാണ്,
അത് ചിലമ്പുകുലുക്കി മന്ത്രം ചൊല്ലി ഉറഞ്ഞുതുള്ളി
കരിമ്പാറമേൽ വാൾമുനകൾകൊണ്ട്
മാന്ത്രികമായ കൽപനകൾ രൂപപ്പെടുത്തുന്നു.

ഇളവെയിലിൽ പെയ്യുന്ന മഴ
കാലൊച്ച കേൾപ്പിക്കാതെ വന്ന്,
ചുണ്ടനക്കാതെ യാത്ര പറഞ്ഞ്,
പിന്നെയും ഭർതൃഗൃഹത്തിലേയ്ക്കു യാത്രയാവുന്ന
ഗ്രാമീണവധുവാണ്;
പൊയ്ക്കഴിഞ്ഞിട്ടും അവളുടെ ഗൃഹാതുരത്വം
വീട്ടുപടികളിൽ
മയിൽപ്പീലിക്കണ്ണുകളുമായി
തിരിഞ്ഞുനോക്കിക്കൊണ്ടേയിരിക്കുന്നു.
സന്ധ്യയിൽ ഗന്ധർവ്വന്മാർ മഴയുടെ
നേർത്ത ചില്ലുകുഴലിലൂടെ വന്നിറങ്ങുന്നു,
അവരുടെ തന്ത്രികളിൽ ഇന്ദ്രജാലങ്ങൾ പുഷ്പിക്കുന്നു.
നിലാവിൽ മഴയുടെ കുഞ്ഞിരോമങ്ങൾ തിളങ്ങുന്നു.
പനയോലപ്പുറത്തു കുളമ്പടികൾ കേൾക്കുന്നു.
തോരുമ്പോൾ മുറ്റത്തു മഴക്കുതിരയുടെ കുളമ്പടയാളങ്ങൾ
നമ്മെ അത്ഭുതപ്പെടുത്തുന്നു.

ചില മഴകൾ ആലിൻതുമ്പിൽ വവ്വാലുകളായി തൂങ്ങിയാടുന്നു.
ചില മഴകൾ ദൂരെ നിന്നു വരുന്ന
അതിഥിസംഘത്തിലെ കളിച്ചങ്ങാതികളെ
വെണ്മാടത്തിൽനിന്നു നോക്കിനിൽക്കുന്ന
തുടുത്ത മുഖമുള്ള കൊച്ചുപെൺകുട്ടിയാണ്.
നിലച്ചുകഴിഞ്ഞിട്ടും, മുതലപ്പുറത്തു സവാരിചെയ്യാൻ
കൊതിപിടിച്ച കുരങ്ങൻകാറ്റു കൊമ്പുപിടിച്ചു കുലുക്കുമ്പോൾ
അത്തിപ്പഴങ്ങളായി അടർന്നു വെള്ളത്തിൽ ചിതറുന്ന മഴകളുണ്ട്.
ചുഴലിക്കാറ്റിൽ വട്ടപ്പാലം കറങ്ങി തലചുറ്റി വീഴുകയും
തണുപ്പൻകാറ്റും ചൂടൻ സ്കൂൾക്കുട്ടികളുമൊത്ത്
ഓരിയിടുകയും ചെയ്യുന്ന കുസൃതിമഴകളുമുണ്ട്.
ഇലഞ്ഞിപ്പഴം തിന്ന കുട്ടിയെപ്പോലെ കനത്ത മോണയുമായി
തിരിയാതെ കൊഞ്ചിപ്പറയുകയും
അസൂയക്കാരിയായ അയൽക്കാരിയെപ്പോലെ
വാതോരാതെ അപവാദങ്ങൾ പറഞ്ഞു പരത്തുകയും ചെയ്യുന്ന മഴകളെ
എനിക്കു പരിചയമുണ്ട്.
കോയമ്പത്തൂരിലെ ചെട്ടിച്ചിയെപ്പോലെ
ഉണക്കച്ചിരിയെറിഞ്ഞ്
പച്ചത്തെറി പറഞ്ഞു പരിഹസിച്ചു കുഴഞ്ഞു ക്ഷണിക്കുന്ന
ജമന്തിമണമുള്ള തേവിടിശ്ശിമഴകളും
ഇടിമിന്നലുള്ള രാത്രിയിൽ, മരിച്ചവരെപ്പോലെ ജനലിൽ വന്നു
തുറിച്ചുനോക്കി ഭയപ്പെടുത്തുന്ന പ്രേതമഴകളുമുണ്ട്.
മാൻകിടാവിനെപ്പോലെ കുന്നിൻനിറുകയിൽ
പുള്ളിവീഴ്ത്തി തുള്ളിക്കളിക്കുകയും
പച്ചത്തുള്ളനെപ്പോലെ പുല്ലിൻതുമ്പിൽ ചാടിത്തെറിക്കുകയും
കരടിക്കുട്ടികളെപ്പോലെ നിലത്തു വീണു കുട്ടിക്കരണം
മറിയുകയും ചെയ്യുന്ന ഉണ്ണിമഴകൾ,
ചെമ്പരത്തിയിതളിൽ ഊഞ്ഞാലാടുന്ന കന്യാമഴകൾ,
ആദ്യത്തെ പ്രേമഭംഗത്തിൽ ചുമരിൽ മുഖമമർത്തിത്തേങ്ങുന്ന
കാമിനിമഴകൾ,
പേറ്റുനോവിൽ നഖം കൊണ്ടു തറകീറിപ്പൊളിക്കുന്ന
കുറിഞ്ഞിപ്പൂച്ചയെപ്പോലെ
തലതല്ലുന്ന തള്ളമഴകൾ,
വിറയ്ക്കുന്ന ചുണ്ടുകളാൽ രാജകുമാരന്മാരുടേയും രാക്ഷസന്മാരുടേയും

കഥകൾ പറഞ്ഞുതരുന്ന മുലതൂങ്ങിയ മുത്തശ്ശിമഴകൾ
ഇവരും എന്റെ പരിചയക്കാർ തന്നെ.

എങ്കിലും എനിക്കേറ്റവുമിഷ്ടം
ഇപ്പോൾ പെയ്തുകൊണ്ടിരിക്കുന്ന ഈ പുതുമഴയെയാണ്.
കാരണം, ഈ പുതുമഴയ്ക്കു മാത്രമേ
വെളുത്തുള്ളിയേയും ഇലഞ്ഞിപ്പൂക്കളേയും ഇരട്ടിമധുരത്തേയും
യൂക്കാലിപ്റ്റസ് മരങ്ങളേയും പോലെ
നാഡിയുടെ വേരുകളെ മൂന്നു നാഴിക വട്ടത്തിൽ
കിരുകിരുപ്പിച്ചു തുളച്ചു കയറുന്ന
ആ നിഗൂഢമായ ഗന്ധമുള്ളൂ.
കാരണം, ഈ പുതുമഴയ്ക്കു മാത്രമേ
നിനച്ചിരിക്കാതെ ഉയരക്കൊമ്പു കുലുക്കിപ്പറന്നിറങ്ങുന്ന
കിളിക്കൂട്ടത്തെപ്പോലെ ഭൂമിയുടെമേൽ വീണ്,
ഇല്ലായ്മ പോലെ നേർത്ത പാട്ടുവിരലുകൾകൊണ്ട്
വേനലിന്റെ വിത്തുകളെ കിക്കിളിപ്പെടുത്തി
കണ്ണടച്ചുതുറക്കുംമുമ്പേ, ഓർമ്മപോലെ നനുത്ത
തത്തത്തൂവലുകളാൽ മണ്ണിനെ മൂടുവാൻ കഴിയുന്നുള്ളൂ.
കാരണം,
പുതുമഴ,
മേഘങ്ങളുടെ പിളരുന്ന പളുങ്കു മേൽക്കൂരയ്ക്കു കീഴിൽ
വയലിനുകളുടെ ഒരു താഴ്വാരമാണ്.